ഉത്തരം

തിരുവനന്തപുരം കളക്ടറേറ്റിൽ എല്ലാ മാസവും നടത്തുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ഓരോ നിയമസഭാ മണ്ഡലത്തിനും നിശ്ചിത സമയക്രമം അനുവദിക്കുന്ന കാര്യം നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

ഗ്രാമീണ വ്യവസായ സംരംഭകർക്ക് ധനസഹായം

14 (3216) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമീണ മേഖലയിലെ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് പാക്കേജ് തയ്യാറാക്കുമോ?

ഉത്തരം

ഇത് സംബന്ധിച്ച് സർക്കാരിൽ പ്രൊപ്പോസലുകളൊന്നും നിലവിലില്ല

ഗ്രാമീണ റോഡുകളുടെ നിർമ്മാണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ

15 (3217) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ നിർമ്മാണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം ഓരോ ജില്ലയിലും എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിച്ചുവെന്നും പുനരുദ്ധരിച്ചുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതികൾ

16 (3218) ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എം. ഹംസ:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly